LIBRARY ARCHIVES Kerala Legislative Assembly

പോസ്റ്റ് മെട്രിക് /പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായുള്ള പദ്ധതി ചെലവ്

301 (966) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മണ്ണന്തലയിലും എറണാകുളത്തും നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണത്തിനും ചേർത്തല, പാലക്കാട്, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിൽ പുതുതായി ആരംഭിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലിന്റെയും നിർമ്മാണത്തിനുമായി അമ്പത് ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി 2013-14-ലെ ബഡ്ജറ്റ് വിഹിതം എത്ര ആയിരുന്നു ; അതിൽ എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 2014-15-ലെ ബഡ്ജറ്റ് വിഹിതവും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മണ്ണന്തല ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എറണാകുളത്ത് മുമ്പ് എം.ആർ.എസ് പ്രവർത്തിച്ചിരുന്ന കെട്ടിടം നവീകരിച്ച് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴയിലെ ചേർത്തല പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പാലക്കാട് മനിശ്ശേരി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, വണ്ടിപ്പെരിയാർ പ്രീ മെട്രിക് ഹോസ്റ്റൽ എന്നിവയ്ക്ക് കേന്ദ്രസഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2013-14-ൽ 200 ലക്ഷം രൂപയും 2014-15-ൽ 400 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര സഹായം ലഭ്യമാകാത്തതിനാൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

പാലക്കാട് മെഡിക്കൽ കോളേജിൽ വിവിധ തസ്തികകളിലെ നിയമനം

302 (967) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് മെഡിക്കൽ കോളേജിൽ വിവിധ തസ്തികകളിലായി എത്ര പേരെ നിയമിച്ചു ; തസ്തിക തിരിച്ചുള്ള കണക്ക് നൽകുമോ ; പ്രസ്തുത നിയമനത്തിന്റെ മാനദണ്ഡം വിശദമാക്കുമോ ;